പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 554** | **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കുറ്റ്യാടി വൈദ്യുതി നിലയത്തിന്റെ സുരക്ഷ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കുറ്റ്യാടി വൈദ്യുത നിലയത്തിലെ ജനറേറ്ററുകൾക്ക് സാങ്കേതിക തകരാറുകളുണ്ടാകാതെ പ്രവർത്തിപ്പിക്കുന്നതിനും അതുവഴി മലബാർ മേഖലയിലെ വൈദ്യുതി വിതരണം തൃപ്തികരമായി നിലനിർത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കുറ്റ്യാടി വൈദ്യുതനിലയത്തിലെ ജനറേറ്ററുകളിൽ സാങ്കേതിക തകരാറുകൾ ഉണ്ടാകാതെ സുഗമമായി പ്രവർത്തിപ്പിക്കുന്നതിനും, അതുവഴി മലബാർ മേഖലയിലെ വൈദ്യുതി വിതരണം തൃപ്തികരമായി നിലനിർത്തുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

1. കുറ്റ്യാടി വൈദ്യുതനിലയത്തിലെ 25 മെഗാവാട്ട് വീതം ശേഷിയുള്ള ആദ്യത്തെ 3 യൂണിറ്റുകളുടെ പ്രവർത്തന മികവും ഉൽപ്പാദനശേഷിയും വർദ്ധിപ്പിക്കുന്നതിനായുള്ള (25 മെഗാവാട്ടിൽ നിന്നും ഓരോ യൂണിറ്റും 27.5 മെഗാവാട്ടായി ഉയർത്തുന്നതിന്) നവീകരണ പ്രവർത്തനങ്ങൾക്കായി (Renovation, Modernization and Uprating - RMU works) 104 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. ഇതിൽ മൂന്നാം നമ്പർ ജനറേറ്ററിന്റെ നവീകരണ ജോലികൾ നടന്നുവരുന്നു. BHEL എന്ന പൊതുമേഖല സ്ഥാപനമാണ് പ്രസ്തുത ജോലി നടത്തി വരുന്നത്. ഈ ജോലി പൂർത്തിയാകുന്ന മുറയ്ക്ക് 1, 2 നമ്പർ ജനറേറ്ററുകളുടെ നവീകരണവും ആരംഭിക്കുന്നതാണ്.

3. 50 മെഗാവാട്ട് വീതം ശേഷിയുള്ള 4, 5, 6 നമ്പർ ജനറേറ്ററുകളുടെ പ്രതിമാസ/ വാർഷിക അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തിവരുന്നു.

4. കൂടാതെ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ആവശ്യമായ സ്പെയർ പാർട്സുകളും യന്ത്രസാമഗ്രികളും വാങ്ങി കരുതൽ ശേഖരമായി സൂക്ഷിച്ചിട്ടുണ്ട് .

**(ബി)** കനത്ത മഴയും ഉരുൾപൊട്ടലും ഉണ്ടാകുന്ന പക്ഷം മലയോരമേഖലകളിലെ ട്രാൻസ്മിഷൻ ലൈനുകൾ തകരാറാകാതെ കാത്തുസൂക്ഷിക്കുന്നതിനും പവർ ഹൗസുകളിൽ വെള്ളം കയറാതിരിക്കുന്നതിനുമായി സ്വീകരിച്ച സുരക്ഷാ ക്രമീകരണങ്ങൾ വ്യക്തമാക്കുമോ?

**<u>മറുപടി:</u>** വിവിധ സർവേകൾ നടത്തി, ഓരോ സ്ഥലത്തെയും ഭൂപ്രകൃതിക്കും ആവശ്യകതകൾക്കും അനുസൃതമായി വിവിധ വോൾട്ടേജ് ലെവലുകൾക്കും ചാലകങ്ങൾക്കും അനുയോജ്യമായ ടവറുകൾ രൂപകൽപ്പന ചെയ്യുന്നു. തുടർന്ന്, ഓരോ സ്ഥലത്തിന്റെയും സവിശേഷതകൾക്കനുസരിച്ച് ആവശ്യമായ

ഫൗണ്ടേഷൻ നിർമ്മിച്ച് ടവറുകൾ സ്ഥാപിക്കുന്നു. കൂടാതെ, ആവശ്യമായ സ്ഥലങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്ന തിനായി പ്രത്യേക റീറ്റെയ്നിങ് വാളുകളും സുരക്ഷാ മതിലുകളും നിർമ്മിക്കുന്നുണ്ട്. സുരക്ഷ ഉറപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഓരോ ടവർ ലൊക്കേഷനുകളിലും ബന്ധപ്പെട്ട ട്രാൻസ്മിഷൻ ലൈനുകളിലും ഇൻസ്പെക്ഷൻ നടത്തുകയും, പ്രസ്തുത ഇൻസ്പെക്ഷനുകളിൽ കണ്ടെത്തുന്ന അപാകതകൾ സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യുന്നു.

കനത്ത മഴയും ഉരുളുപൊട്ടലും ഉണ്ടാകുന്ന പക്ഷം സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കുറ്റ്യാടി വൈദ്യുതി നിലയത്തിന്റെ പുറകിലായി സുരക്ഷാമതിൽ നിർമ്മിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**